# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.375** — **03/02/2014-ൽ മറുപടിക്ക്**

## 108 ആംബുലൻസുകളുടെ സേവനം

**ചോദ്യം** — **മറുപടി**

**ശ്രീമതി കെ. കെ. ലതിക**
**ശ്രീ. ഇ. പി. ജയരാജൻ**
**" എ. എം. ആരിഫ്**
**" ആർ. രാജേഷ്**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | 108 ആംബുലൻസുകളുടെ സേവനം സംസ്ഥാനത്താകെ വ്യാപിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; അതിനായി എത്ര തുക ഈ സാമ്പത്തിക വർഷം നീക്കിവെച്ചിരുന്നു ; തുക ചിലവഴിക്കാൻ കഴിഞ്ഞോ ; വിശദമാക്കുമോ ; | (എ) | 108 ആംബുലൻസുകളുടെ സേവനം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. പത്തനംതിട്ട, വയനാട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 38 ആംബുലൻസുകൾ വാങ്ങുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വകയിരുത്തുകയും ടി തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 108 ആംബുലൻസിനു വേണ്ടി ഈ സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റിൽ നിന്നും 10.33 കോടി രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. ഈ വർഷം 31/12/2013 വരെ 5.69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 108 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നതിനായി 05/10/2012-തീയതിയിലെ സ.ഉ.(സാധാ) നം.3291/2012/ ആ.കു.വ. നമ്പർ പ്രകാരം 40 കോടി രൂപ പദ്ധതി നടത്തിപ്പിനായി നോഡൽ ഏജൻസിയായി തിരഞ്ഞെടുത്ത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭ്യമാക്കിയിട്ടുണ്ട്. 108 ആംബുലൻസ് സർവ്വീസ് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിനാവശ്യമായ ആംബുലൻസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ സേവനം നടത്തുന്ന തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസുകളിൽ പകുതിയും, മതിയായ അറ്റകുറ്റപ്പണി നടത്താതിരുന്നതിനാൽ പ്രവർത്തനരഹിതമാണെന്ന കാര്യം പരിശോധിച്ചിരുന്നോ ; അറ്റകുറ്റപ്പണി നടത്തുന്നതിൽ വീഴ്ച വരുത്തിയ 'സികിത്സ' കമ്പനിക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (ബി) | തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ സേവനം നടത്തുന്ന '108' ആംബുലൻസുകളുടെ പ്രവർത്തന ചുമതല പുതിയ ഓപ്പറേറ്റിംഗ് ഏജൻസി ഏറ്റെടുത്ത സമയത്ത് ചില വാഹനങ്ങൾ പ്രവർത്തനരഹിതമായതായി ശ്രദ്ധയിൽപ്പെടുകയും, ഇവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.<br>2013 ഒക്ടോബർ മാസത്തിൽ '108' ആംബുലൻസുകളുടെ നടത്തിപ്പ് പുതിയ ഏജൻസിക്ക് കൈമാറിയപ്പോഴുണ്ടായിരുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ശ്രദ്ധയിൽപ്പെടുകയും ഇവ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുകയും സമിതിയുടെ നിർദ്ദേശ പ്രകാരം വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് തുകയായി 4,71,554/- രൂപ കണക്കാക്കുകയും, പ്രസ്തുത തുക 'സികിത്സ'യ്ക്ക് നൽകാനുള്ള തുകയിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ സേവനം നടത്തുന്നവയിൽപോലും ജീവൻരക്ഷാ സൗകര്യങ്ങൾ ഇല്ലെന്ന പരാതി പരിശോധിക്കുമോ ; 108 ആംബുലൻസിന്റെ സേവനം മാതൃകാപരമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | 108 ആംബുലൻസുകളിൽ ജീവൻ രക്ഷാ സൗകര്യങ്ങൾ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ സർവ്വീസ് നടത്തുന്ന എല്ലാ '108' ആംബുലൻസുകളും അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളായ ഫോയിറ്റൽ മോണിറ്റർ, വെന്റിലേറ്റർ, സക്ഷൻ അപ്പാരറ്റസ്, ഡിഫിബ്രിലേറ്റർ എന്നിവ സജ്ജീകരിച്ചിട്ടുള്ള അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ